## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 183** — **27-06-2022 - ൽ മറുപടിയ്ക്ക്**

### ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടും നിലവിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പരിപാലനത്തിലും മേൽനോട്ടത്തിലും പ്രസ്തുത സ്ഥാപനങ്ങൾ വന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളുടെ ഭരണ ചുമതല അതാത് ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകുന്നതും ഫണ്ട് ലഭ്യമാക്കുന്നതും സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | ഇക്കാരണത്താൽ ബ്ലോക്ക് തല എഫ്.എച്ച്.സി. കളാക്കി മാറ്റിയ ആശുപത്രികൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതമടക്കമുള്ള ഫണ്ട് വിനിയോഗിക്കാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | **ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളുടെ ഭരണ ചുമതല അതാത് ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകുന്നതും ഫണ്ട് ലഭ്യമാക്കുന്നതും സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.** |
| (സി) | വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ എഫ്.എച്ച്.സി. യുടെ പരിപാലന ചുമതല ബ്ലോക്ക് പഞ്ചായത്തിന് നൽകിയതിനോടൊപ്പം സി.എച്ച്.സി. യായി പ്രവർത്തിച്ച കാലയളവിൽ ഉണ്ടായിരുന്ന എൻ.എച്ച്.എം. ന്റെ അടക്കമുള്ള സ്റ്റാഫുകളെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ എഫ്.എച്ച്.സി യുടെ പരിപാലന ചുമതല ബ്ലോക്ക് പഞ്ചായത്തിന് നൽകിയതിനോടൊപ്പം സി.എച്ച്.സി.യായി പ്രവർത്തിച്ച കാലയളവിൽ ഉണ്ടായിരുന്ന എൻ.എച്ച്.എം ജീവനക്കാരെ നിലനിർത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച് പള്ളിക്കൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച കത്തിന്റെയും ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിൽ 07.06.2022 ലെ സ.ഉ(സാധാ) നം. 1313/2022/ ആ.കു.വ പ്രകാരം പള്ളിക്കൽ എഫ്.എച്ച്.സിയുടെ ഭരണ ചുമതല കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ